# കടലേകും കനിവുകൾ

*എഡിറ്റിംഗ് :*

എൻ.ജി.മേനോൻ
വി.ശശികുമാർ

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*

**N. G. MENON**

**V. SASI KUMAR**

*Published by :*

**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*

BALU S.

SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14

Printed at PAICO, Cochin, S. India

# 28. ഊർജ്ജാവശ്യകത കുറഞ്ഞ മത്സ്യബന്ധനരീതികൾ

ഡോ. പി.ജോർജ്ജ് മത്തായി
സി.ഐ.എഫ്.ടി., കൊച്ചി-21

അൻപതുകളുടെ അവസാനത്തോടെ യന്ത്രവൽകൃതബോട്ടുകളും പുതിയ മീൻപിടിത്തരീതികളും സംവിധാനങ്ങളും പ്രചാരത്തിൽ വന്നതോടെ മത്സ്യബന്ധനം ഒരു വ്യവസായമായി വളർന്നു. എൺപതുകളിൽ ആവശ്യനുസരണം വള്ളങ്ങളിൽ ഘടിപ്പിക്കാവുന്നതും എടുത്തു മാറ്റാവുന്നതുമായ Out board motor ലഭ്യമായതോടെ പരമ്പരാഗത മത്സ്യബന്ധനരംഗത്തും മാറ്റങ്ങൾ വന്നു. Out board motor ന്റെ ഉപയോഗത്തോടെ പരമ്പരാഗത മത്സ്യബന്ധനം കൂടുതൽ ആഴത്തിലേക്കും പരപ്പിലേക്കും വ്യാപിച്ചു.

നാടൻവള്ളങ്ങൾ ഉപയോഗിച്ചുള്ള പരമ്പരാഗത മത്സ്യബന്ധനം പൂർണ്ണമായും മനുഷ്യാദ്ധ്വാനമാണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ യന്ത്രവൽകൃതബോട്ടുകൾ മത്സ്യബന്ധനസ്ഥലത്തെത്തുന്നതിനും തിരിച്ചുവരുന്നതിനും മത്സ്യബന്ധനം നടത്തുന്നതിനും യാന്ത്രികാദ്ധ്വാനം ഉപയോഗപ്പെടുത്തുന്നു. മറ്റൊരു വിഭാഗം യാനങ്ങൾ യന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളവയാണെങ്കിലും മത്സ്യബന്ധനത്തിനുപോകുന്നതിനും തിരികെ വരുന്നതിനും മാത്രം അവയെ ഉപയോഗപ്പെടുത്തുകയും മത്സ്യബന്ധനം മനുഷ്യ കായികശേഷികൊണ്ട് നടത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള മത്സ്യബന്ധനത്തെ ഊർജ്ജാവശ്യകത കുറഞ്ഞ മത്സ്യബന്ധനരീതി അഥവാ Low energy fishing technique എന്നു പറയുന്നു.

ഊർജ്ജാവശ്യകത കുറഞ്ഞ മത്സ്യബന്ധനരീതികൾ പ്രാവർത്തികമാക്കുന്നതുകൊണ്ട് പല മെച്ചങ്ങളുമുണ്ട്. ഭാഗികമായി മാത്രം യന്ത്രങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് ഇന്ധനചിലവ് കുറയുന്നു. ഇന്ധന ലഭ്യത കുറഞ്ഞും വിലകൂടിയും വരുന്ന സാഹചര്യത്തിൽ കുറഞ്ഞ ഇന്ധനോപയോഗത്തിന് പ്രസക്തിയേറുന്നു. പോക്കുവരവിന് മനുഷ്യപ്രയത്നം ആവശ്യമില്ലാത്തതു കൊണ്ട് ജോലിക്കാർ തളരുന്നില്ല. ഇത് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നു. മത്സ്യമന്വേഷിച്ച് പുതിയ മേഖല തേടാനുള്ള അവസരം കിട്ടുന്നു. മത്സ്യബന്ധനത്തിനു കൂടുതൽ സമയം ലഭ്യമാകുന്നു. പിടിച്ച മത്സ്യം വേഗത്തിൽ കരയിലെത്തിക്കാൻ സാധിക്കുന്നതുകൊണ്ട് അവയുടെ ഗുണം നഷ്ടപ്പെടാതിരിക്കുകയും കൂടുതൽ വില കിട്ടുകയും ചെയ്യുന്നു.

## ഗിൽനെറ്റുകൾ

നീട്ടുവല, ഒഴുക്കുവല, ലൂപ്പുവല എന്നുള്ള പേരുകളിലറിയപ്പെടുന്ന ഗിൽനെറ്റുകളുപയോഗിച്ചുള്ള മീൻ പിടിത്തമാണ് ഏറ്റവും പ്രധാനപ്പെട്ട രീതി. നമ്മുടെ മുഴുവൻ തീരത്തും ഗിൽ നെറ്റിന്റെ ഉപയോഗം പ്രചാരത്തിലുണ്ട്. അടിസ്ഥാനപരമായി ഇത് ദീർഘചതുരാകൃതിയുള്ള ഒരു വലക്കഷ്ണമാണ്. വലക്കഷ്ണത്തിന്റെ മുകൾ നിരയിലെ കണ്ണികൾ Head rope മായും കീഴ് നിരയിലെ കണ്ണികൾ foot rope മായും ബന്ധിപ്പിക്കുന്നു. കണ്ണികൾ റോപ്പുമായി ബന്ധിപ്പിക്കുന്ന അനുപാതമനുസരിച്ച് കണ്ണികളുടെ വിസ്തൃതിയിൽ മാറ്റം സംഭവിക്കുന്നു. വല വെള്ളത്തിൽ ലംബമായി നിൽക്കുന്നതിന് head rope ൽ float കളും foot rope ൽ sinker കളും ആവശ്യാനുസരണം കെട്ടുന്നു. ഗിൽ നെറ്റ് യൂണിറ്റുകളുടെ നീളവും ഇറക്കവും കൃത്യമായി പരിമിതിപ്പെടുത്തിയിട്ടില്ല. ഉപയോഗിക്കുന്നതിനുള്ള സൗകര്യം, പിടിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യം, സ്ഥലത്തിന്റെ ആഴം, വ്യാപ്തി എന്നിവയെ ആശ്രയിച്ചാണ് വലിപ്പം തിട്ടപ്പെടുത്തുന്നത്. ബോട്ടിന്റെ വലിപ്പവും ജോലിക്കാരുടെ എണ്ണവുമനുസരിച്ച് വേണ്ടത്ര യൂണിറ്റുകൾ കൂട്ടിച്ചേർത്ത് മത്സ്യബന്ധനത്തിനു സജ്ജമാക്കുന്നു.

ഗിൽനെറ്റിൽ വലക്കണ്ണിയാണ് അടിസ്ഥാനഘടകം, പിടിക്കാനുദ്ദേശിക്കുന്ന മത്സ്യത്തിന്റെ വലിപ്പം, ശരീരഘടന എന്നിവയനുസരിച്ച് കണ്ണിയുടെ വലിപ്പം കൂടുതലോ കുറവോ ആയിരിക്കും. മത്സ്യത്തിന്റെ ചെകിള ഭാഗമോ ചെകിളക്കും മുതുകിലെ ചിറകിനുമിടക്കുള്ള ഏതെങ്കിലും ഭാഗമോ കണ്ണിയിൽ കുടുങ്ങിയോ വലയിൽ ചുറ്റിപ്പിണഞ്ഞോ ആണ് മത്സ്യം പിടിക്കപ്പെടുന്നത്.. മത്സ്യത്തിന്റെ വലിപ്പമനുസരിച്ച് വലയുണ്ടാക്കുന്ന നൂലിന്റെ വണ്ണവും വ്യത്യാസപ്പെട്ടിരിക്കും.

മത്സ്യബന്ധനത്തിനായി കരയിൽനിന്നും പുറപ്പെടുമ്പോൾത്തന്നെ വലകൾ സജ്ജമാക്കിയിരിക്കും. മീൻപിടിത്തത്തിനു തിരഞ്ഞെടുത്ത സ്ഥലത്തെത്തിയാൽ ആഴം, ഒഴുക്ക്, കാറ്റിന്റെ ഗതി എന്നിവ നിരീക്ഷിക്കുന്നു. അതിനു ശേഷം വല കുറേശ്ശെയായി ഒരറ്റം മുതൽ കടലിലിറക്കുന്നു. വലയുടെ ഒരറ്റം നീളമുള്ള റോപ്പുപയോഗിച്ച് ബോട്ടുമായി ബന്ധിച്ചിരിക്കും. വലയുടെ സ്ഥാനനിർണ്ണയത്തിനായി ബോട്ടിൽ നിന്നും അകലെയുള്ള അറ്റത്തും മദ്ധ്യഭാഗത്തും കൊടികൾ നാട്ടുന്നു. Float ന്റെ എണ്ണവും sinker ന്റെ ഭാരവും ക്രമപ്പെടുത്തിയാണ് വല ഉദ്ദേശിക്കുന്ന തലത്തിൽ വിന്യസിക്കുന്നത്. മത്സ്യങ്ങളുടെ സഞ്ചാരമേഖല, ലഭ്യത എന്നിവയനുസരിച്ച് കടലിന്റെ അടിത്തട്ടിലോ മുകൾപ്പരപ്പിലോ ഇതിനിടക്കുള്ള ഏതെങ്കിലും തലത്തിലോ വല വിന്യസിച്ച് മീൻ പിടിക്കാം. ഒഴുക്കിനൊപ്പം നീങ്ങുന്നവിധത്തിലോ സ്ഥിരമായി നിൽക്കുന്ന വിധത്തിലോ വല ക്രമീകരിക്കാം. മീൻ വലയിൽ കുടുങ്ങുന്നതിനാവശ്യമായ ഏകദേശം

6 മണിക്കൂറിന് ശേഷം വല തിരികെ വലിച്ചു കയറ്റി. കുടുങ്ങിയ മത്സ്യത്തെ ശേഖരിക്കുന്നു.

**ലോങ്ങ് ലൈൻ**

ആയിരം ചൂണ്ട എന്ന പേരിലറിയുന്ന ലോങ്ങ് ലൈൻ ഊർജ്ജാവശ്യകത കുറഞ്ഞ മറ്റൊരു പ്രധാന മത്സ്യബന്ധനരീതിയാണ്. നല്ല മുറുക്കത്തിൽ പിരിച്ച 3 മുതൽ 6 മില്ലീമീറ്റർ വരെ വണ്ണമുള്ള റോപ്പ് പ്രധാനലൈനായി ഉപയോഗിക്കുന്നു. പ്രധാന ലൈനിൽ നിശ്ചിത അകലത്തിൽ ശാഖകൾ അല്ലെങ്കിൽ ബ്രാഞ്ചുലൈനിന്റെ അറ്റത്തായി ചൂണ്ടക്കൊളുത്തുകൾ കെട്ടിയുറപ്പിക്കുന്നു. ബ്രാഞ്ചുലൈനിൽ പ്രധാന ലൈനിനോട് ബന്ധിപ്പിക്കുന്നതിനു മുൻപായി സ്വിവൽ കൂടി ചിലപ്പോൾ ഉപയോഗിക്കാറുണ്ട്. ഉപരിതലത്തിൽ ഉപയോഗിക്കുമ്പോൾ ബ്രാഞ്ച് ലൈനിന് നീളക്കൂടുതലും അടിത്തട്ടിൽ ഉപയോഗിക്കുമ്പോൾ നീളക്കുറവുമായിരിക്കും. നീളക്കൂടുതലുള്ള ബ്രാഞ്ചുലൈനിൽ ചൂണ്ടക്കൊളുത്തിനോടടുത്തു ഭാഗം സ്റ്റീൽ വയറ് ചേർത്ത് പിരിച്ചാണുണ്ടാക്കുന്നത്. ബ്രാഞ്ചുലൈനുകൾ തമ്മിലുള്ള അകലം രണ്ടു ബ്രാഞ്ചുലൈനുകളുടെ മൊത്തം നീളത്തേക്കാൾ കൂടുതലായിരിക്കും.

സ്രാവ്, ഏട്ട, നെയ്മീൻ, ചൂര മുതലായ കൂടുതൽ വേഗതയുള്ളതും ഇരയെ ഓടിച്ചു പിടിക്കുന്നതുമായ മത്സ്യങ്ങളെ പിടിക്കാനാണ് ഈ രീതി പ്രയോഗിക്കുന്നത്. ചൂണ്ടകൾ തിരഞ്ഞെടുക്കുമ്പോൾ മത്സ്യത്തിന്റെ വലിപ്പത്തിനു പുറമെ വായ് വലിപ്പം, വായുടെ ആകൃതി എന്നിവ കൂടി പരിഗണിക്കുന്നു. വ്യത്യസ്ത വലിപ്പത്തിലും വിവിധ ആകൃതിയിലുമുള്ള ചൂണ്ടകൾ ലഭ്യമാണ്.

ഇപ്പോൾ പരുത്തി നൂലിന് പകരം നൈലോൺ റോപ്പും പോളി എത്തിലീൻ റോപ്പുമാണ് ഉപയോഗത്തിലുള്ളത്. ഇവയ്ക്കു പുറമെ 1മുതൽ 2.5 മില്ലിമീറ്റർ വരെ വണ്ണമുള്ള മോണോഫിലമെന്റും ഉപയോഗിക്കുന്നു. ചില സ്ഥലങ്ങളിൽ സ്റ്റീൽ വയറ് ചേർത്തു പിരിച്ച ബ്രാഞ്ചുലൈനുകളാണ് ഉപയോഗിക്കുന്നത്. പ്രധാന ലൈനിൽ ബ്രാഞ്ചു ലൈൻ ബന്ധിപ്പിക്കുന്നതിനിരുപുറവും കുറെ ഭാഗം സ്റ്റീൽ വയർ ചേർത്തു പിരിച്ച ലൈൻ ഉപയോഗിക്കുന്ന രീതിയും നിലവിലുണ്ട്. ബോട്ടിന്റെ വലിപ്പം, ജോലിക്കാരുടെ എണ്ണം എന്നിവയെ ആശ്രയിച്ച് മത്സ്യബന്ധനത്തിനുള്ള ലൈനിന്റെ നീളവും ചൂണ്ടയുടെ എണ്ണവും നിശ്ചയിക്കുന്നു.

ചൂര മുതലായ മത്സ്യങ്ങൾക്ക് ജലപ്പരപ്പിലും സ്രാവ് മത്സ്യങ്ങൾക്ക് അടിത്തട്ടിലും നെയ്മീൻ പോലെയുള്ളവർക്ക് മദ്ധ്യതലത്തിലും ലോങ്ങ്ലൈൻ വിന്യസിക്കുന്നു. കടലിന്റെ അടിത്തട്ടുമായി ബന്ധിപ്പിച്ച് സ്ഥിരമായി നിൽക്കുന്ന രീതി

യിലോ ഒഴുക്കിനൊപ്പം നീങ്ങുന്ന വിധത്തിലോ ലൈൻ ഉപയോഗിക്കാം. മറ്റു മത്സ്യബന്ധന രീതികൾ പ്രായോഗികമല്ലാത്തിടത്തും ലോങ്ങ് ലൈൻ ഉപയോഗിച്ച് മത്സ്യബന്ധനം സുഗമമായി നടത്താനാകുന്നു.

## ഹാൻഡ് ലൈൻ

വളരെ ലളിതവും ചിലവു കുറഞ്ഞതുമായ ഒരു മത്സ്യബന്ധനോപാധിയാണ് ഹാൻഡ് ലൈൻ. 1.5 മുതൽ 2.0 മില്ലി മീറ്റർ വരെ വണ്ണമുള്ള മോണോ ഫിലമെന്റ് ലൈനിന്റെ അറ്റത്ത് രണ്ടോ മൂന്നോ കിലോഗ്രാം വരുന്ന ഭാരം കൊടുക്കുന്നു. ഇതിനു കുറച്ചു മുകളിലായി ഇടവിട്ട് നീളം വളരെ കുറഞ്ഞ ബ്രാഞ്ചു ലൈനുകളും അവയിൽ ചൂണ്ടകളും കെട്ടുന്നു. അറ്റത്തുള്ള ഭാരം ലൈനിനെ നേരെ നിർത്തുന്നതു കൂടാതെ ഒഴുക്കിൽ ലൈൻ ലംബമായി നിൽക്കുന്നതിനും സഹായിക്കുന്നു. ചൂണ്ടകളിൽ ഇര കോർത്ത് ലൈൻ വെള്ളത്തിൽ താഴ്ത്തുകയും ലൈനിന്റെ ഇളക്കത്തിൽ നിന്നും ചൂണ്ടയിൽ മീൻ പിടിച്ചതായി മനസ്സിലാക്കി ലൈൻ വേഗത്തിൽ വലിച്ചെടുക്കുകയും ചെയ്യുന്നു. മീൻ ചൂണ്ടയിൽ നിന്നും വേർപെടുത്തി വീണ്ടും ഇര കോർത്ത് മത്സ്യബന്ധനം തുടരാം. കൈ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന റോളറുകൾ ഉപയോഗിക്കുന്നത് കൂടുതൽ എളുപ്പവും സൗകര്യപ്രദവുമാണ്. കലവ മുതലായ മത്സ്യങ്ങളെ ഈ രീതിയിൽ പിടിക്കുന്നു. മത്സ്യങ്ങൾ കൂട്ടം കൂടുവാൻ കൃത്യമമായി നിർമ്മിക്കുന്ന സങ്കേതങ്ങളിലും മറ്റു മത്സ്യബന്ധന രീതികളൊന്നും സാദ്ധ്യമല്ലാത്ത സ്ഥലങ്ങളിലും ഈ രീതി കാര്യക്ഷമമാണ്.

## മത്സ്യക്കൂടുകൾ

കടലിന്റെ അടിത്തട്ടിൽ പാറക്കെട്ടുകൾ, പവിഴപ്പുറ്റുകൾ മുതലായവയുള്ള ഭാഗങ്ങളിൽ മത്സ്യബന്ധനത്തിനുകൂടുകളും ഉപയോഗിക്കുന്നു. ഇരുമ്പു കമ്പിയുപയോഗിച്ച് ചട്ടക്കൂടുണ്ടാക്കുകയും വലക്കഷ്ണംക്കൊണ്ട് അവക്ക് ആവരണം ഇടുകയും ചെയ്യുന്നു. കൂടിന്റെ ഒരു വശത്ത് ഉള്ളിലേക്ക് തുറക്കാവുന്ന പ്രവേശനദ്വാരങ്ങൾ ഘടിപ്പിക്കുന്നു. കൂട്ടിൽ കിട്ടുന്ന മത്സ്യങ്ങളെ പുറത്തെടുക്കുന്നതിന് എതിർ വശത്ത് ചെറിയ വാതിലുകളും സജ്ജമാക്കിയിരിക്കും. കൂടിനുള്ളിൽ ഇര തൂക്കി കയറിൽ കെട്ടി കൂടുകൾ വെള്ളത്തിൽ ഇറക്കിവയ്ക്കുന്നു. കയറിന്റെ മുകളറ്റത്ത് വലിയ float കെട്ടിയിടുന്നു. കൂടുകൾ ഓരോന്നും സ്വതന്ത്രമായോ പരസ്പരം കയറുകൊണ്ട് ബന്ധിച്ചോ കടലിലിടുന്നു. കൂടുകൾ തിരിച്ചെടുക്കുന്നതിന് ആദ്യം float പിടിച്ചെടുക്കുകയും സാവധാനത്തിൽ കയറുവലിച്ച് കൂട് കയറ്റി എടുക്കുകയും ചെയ്യുന്നു. പല ആകൃതിയിലും വലിപ്പത്തിലുമുള്ള കൂടുകൾ പ്രയോഗത്തിലുണ്ട്. കൂടുകൾ ഇടുകയും എടുക്കുകയും ചെയ്യുന്ന ഇടവേളയിൽ ഹാൻഡ്‌ലൈനുപയോഗിച്ച് മത്സ്യബന്ധനം നടത്തു

ന്നത് ലാഭകരമാണ്. തീരക്കടലിൽ കൊഞ്ചു പിടിത്തത്തിനു കൂടുകൾ വ്യാപകമായി ഉപയോഗിക്കുന്നു.

## റിങ്ങ് സീൻ (Ring Siene)

കേരളതീരത്ത് വ്യാപകമായി റിങ്ങ് സീൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തപ്പെടുന്നു. അടിസ്ഥാനപരമായി ഇത് നാടൻ വള്ളങ്ങളിൽ നിന്നും ഉപയോഗിച്ചു കൊണ്ടിരുന്ന താങ്ങുവലയാണ്. Out board motor ന്റെ പ്രചാരത്തോടെ താങ്ങു വലയിൽ മാറ്റങ്ങൾ വരുത്തിയാണ് റിങ്ങ് സീൻ വികസിപ്പിച്ചെടുത്തത്. യന്ത്രവൽകൃത നാടൻ വള്ളങ്ങളിൽ നിന്നും പ്രവർത്തിപ്പിക്കാവുന്ന Mini purse scine CIFT രൂപകൽപന ചെയ്ത് പ്രയോഗത്തിൽ കൊണ്ടു വന്നത് ഈ മാറ്റത്തിനു പ്രചോദനമായി.

ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന റിങ്ങ് സീനിന് ദീർഘ ചതുരാകൃതിയാണുള്ളത്. 800 മീറ്റർ വരെ നീളമുള്ള വലിയ വലകൾ അയില, ചാള മുതലായ മത്സ്യങ്ങളെ പിടിക്കുവാൻ ഉപയോഗിക്കുന്നു. ഇതിന്റെ പ്രധാന വലയുടെ കണ്ണി വലിപ്പം 18-20 മില്ലിമീറ്ററാണ്. നത്തോലി മുതലായ മത്സ്യങ്ങൾക്കുവേണ്ടിയുള്ള വലക്ക് കണ്ണിവലിപ്പം 10-12 മില്ലിമീറ്റർ ആയിരിക്കും. പ്രധാന വല നൈലോൺ നൂലുപയോഗിച്ചുള്ളതാണ്. വലയുടെ മദ്ധ്യഭാഗം ദീർഘചതുരാകൃതിയിലുള്ള വലകഷണങ്ങൾ കുറുകെ ചേർത്തു പിടിപ്പിച്ചും പാർശ്വങ്ങൾ നെടുകെ ചേർത്തു പിടിപ്പിച്ചുമാണ് ഉണ്ടാക്കുന്നത്.

കൂട്ടമായി സഞ്ചരിക്കുന്ന മത്സ്യങ്ങളെ പിടിക്കാനാണ് ഈ വലകൾ ഉപയോഗിക്കുന്നത്. മീനിനു വേണ്ടിയുള്ള തെരച്ചിൽ നടത്തുകയും മീൻ കൂട്ടത്തെ കണ്ടശേഷം മാത്രം വലയിറക്കുകയുമാണ് ചെയ്യുന്നത്. ജലോപരിതലത്തിന്റെ അവസ്ഥ, നിറം, കടൽ പക്ഷികളുടെ സാമീപ്യം എന്നിവ മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുന്നതിനു സഹായിക്കുന്നു. കാറ്റിന്റെ ഗതി, നീരൊഴുക്ക്, മത്സ്യക്കൂട്ടത്തിന്റെ പ്രയാണദിശ, വേഗത എന്നിവ നിരീക്ഷിച്ചശേഷം അതിവേഗത്തിൽ മത്സ്യക്കൂട്ടത്തെ വലയം ചെയ്ത് വല മുഴുവൻ വെള്ളത്തിൽ വിടുന്നു. വളയങ്ങളിൽക്കൂടി കടത്തിയിരിക്കുന്ന റോപ്പു വലിച്ച് വലയുടെ അടിഭാഗം അടച്ച് മീനിനെ വലക്കുള്ളിലാക്കുന്നു. മീൻ കൂട്ടത്തെ വളയലും വലക്കുള്ളിലാക്കലും എത്രയും വേഗത്തിൽ നടത്തുന്നുവോ എന്നതിനനുസരിച്ചായിരിക്കും വിജയവും. തുടർന്ന് രണ്ടറ്റത്തുനിന്നും വല വലിച്ചെടുക്കുകയും വലയിൽ അകപ്പെട്ട മത്സ്യക്കൂട്ടത്തെ പിടിച്ചെടുക്കുകയും ചെയ്യുന്നു.

## സ്റ്റെയിക്ക് നെറ്റുകൾ

കോണാകൃതിയിൽ വളരെ നീളമുള്ള വലകളാണ് സ്റ്റെയിക്ക് നെറ്റുകൾ.

ഇതിന്റെ വായ് ഭാഗത്തിന് ദീർഘചതുരാകൃതിയാണുള്ളത്. വടക്കുപടിഞ്ഞാറൻ തീരങ്ങളിൽ ഇവ ഡോൾ നെറ്റ് എന്ന പേരിലറിയപ്പെടുന്നു.

പരിസ്ഥിതിക്കിണങ്ങുന്നതും മത്സ്യങ്ങൾക്ക് വംശനാശം വരുത്താത്തതുമായ ഗിൽനെറ്റുകൾ, ലൈനുകൾ മുതലായ ഊർജ്ജാവശ്യകത കുറഞ്ഞ മത്സ്യബന്ധനരീതികൾക്ക് ഊന്നൽ കൊടുക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.